# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3499 — 12/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്കുള്ള പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;<br>(ബി) വർദ്ധിപ്പിച്ച പെൻഷൻ തുക എത്രയാണ്; വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള പെൻഷൻ തുക എത്ര രൂപയായിരുന്നുവെന്നും അറിയിക്കാമോ ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 2017 ജനുവരി മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ ക്ഷീരകർഷകർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ക്ഷേമനിധി ബോർഡ് 500/- രൂപ പ്രതിമാസം പെൻഷൻ അനുവദിച്ചു വരുന്നു. |
| (സി) പെൻഷൻ വർദ്ധന എത്ര ക്ഷീരകർഷകർക്ക് ഗുണം ചെയ്യുമെന്ന് വിശദമാക്കാമോ ? | (സി) പെൻഷൻ വർദ്ധിപ്പിക്കുന്നതുകൊണ്ട് 42,628 ക്ഷീര കർഷകർക്ക് ഗുണം ലഭിക്കും. |

സെക്ഷൻ ഓഫീസർ